

# ശ്രീകൃഷ്ണ

## ഹയർ സെക്കന്ററി സ്കൂൾ

### ആനന്ദപുരം

സ്കൂൾ കോഡ്

23053

റവന്യൂ ജില്ല

തൃശ്ശൂർ

വിദ്യാഭ്യാസ ജില്ലാ

ഇരിഞ്ഞാലക്കുട

പ്രിൻസിപ്പൽ

സജീവ് ബി

ഹെഡ് മാസ്റ്റർ

അനിൽകുമാർ ടി









# സഹോദരങ്ങൾക്ക് 'സ്നേഹക്കൂട് ' തുറന്ന് എൻ. എസ്.എസ്. യൂണിറ്റ്

ഇരിങ്ങാലക്കുട മണ്ഡലത്തിലെ ഭവന രഹിതർക്ക്യ് വീട് വെച്ച് നൽകുമെന്ന ലക്ഷ്യത്തോടെ മന്ത്രി ഡോ. ആർ. ബി്ദു നടപ്പിലാക്കുന്ന പദ്ധതിയുമായി ചേർന്ന് ആനന്ദപുരം ശ്രീകൃ്ഷ്ണ ഹയർസെക്കന്ററി സ്ക്രൂളിലെ എൻ എസ് എസ് യൂണിറ്റ്, പ്രസ്തുതപദ്ധതിയുടെ ഉദ്ഘാടന കർമ്മം തറക്കല്ലിട്ട് കൊണ്ട് ഉന്നത വിദ്യഭ്യാസ മന്ത്രിയും സാമൂഹ്യനീതി വകുപ്പ്മന്ത്രിയുമായ ഡോ.ആർ. ബിന്ദു 2023 ജൂൺ 10 ശനിയാഴ്ച രാവിലെ 10മണിക്ക് നിർവഹിച്ചു തുടർന്ന് വിദ്യാലയത്തിലെ 3 പഠിതാക്കളുടെ സ്വപ്നസാക്ഷാത്കാരമായ വീടിന്റെ താക്കോൽ ദാനം 2024 ജനുവരി 6ശനിയാഴ്ച രാവിലെ 10മണിക്ക് കൈമാറി.





# ശ്രീകൃഷ്ണയിൽ ഹോക്കി തരംഗം...

ദേശീയ ചാമ്പ്യന്മാർ





2016 മുതൽ തുടർച്ചയായി കേരള ഹോക്കി ടീമിന്റെ പരിശീലനത്തിന
നിയുക്തനായ വിദ്യാലയത്തിന്റെ സ്വന്തം കായിക അധ്യാപകൻഅരുൺ ◌ാസ്റ്റർക്ക
കുറുമൊഴിയുടെ അഭിനന്ദനങ്ങൾ .

സംസ്ഥാന ജേതാക്കൾ

വച്ചു നടന്ന സ്കൂൾ നാഷണലിൽ ലക്ഷ്മി കെ ശിവദാസ് എന്നിവർ കേരള
ടീമിന്റെ ജേഴ്സി അണിഞ്ഞു കൊണ്ട് വിദ്യാലയത്തിന്റെ അഭിമാനമായി മാറി .
വേദനവധിക്കാലത്തും അധ്യായന ദിനങ്ങളിൽ ഹോക്കി പരിശീലനം നൽകി
വരുന്നു. കേരളഹോക്കി ടീം ക്യാപ്റ്റനും കായിക അധ്യാപകനുമായ അരുൺ
മാസ്റ്ററും വിദ്യാലയത്തിന്റെ മുൻ കായിക മാന്ത്രികൻ ജോളി മാസ്റ്ററു
പരിശീലനത്തിന് നേതൃത്വം നൽകുന്നു .
ശ്രീകൃഷ്ണയുടെ അഭിമാനമായ ചുണക്കുട്ടികൾക്ക് കുറുമൊഴിയുടെ
അഭിനന്ദനങ്ങൾ

അതുല്യ എം.ബി
വരുനിക എം.എസ്
എയ്ഞ്ചലിൻ
ടോണി

# സാഹിത്യകാരൻമാരെ ഹൃദയത്തിലേന്തി വായനദിനം

ആനന്ദപുരം : വായനയുടെ
മൃദുത്വം തൊട്ടറിയാനായി
വായനമാസാചരണത്തോ
ടനുബന്ധിച്ച് ആനന്ദപുരം
ശ്രീകൃഷ്ണ ഹയർ സെക്കന്ററി
സ്ക്കൂളിൽ വിദ്യാർത്ഥികളുടെ
സാഹിത്യസദസ്സ് അരങ്ങേറി.
മനസ്സുകളിൽ വായനയുടെ
ദീപം കൊളുത്താൻ വായന
ദിനം കുട്ടകൾ അലംകൃതമാക്കി.
സാഹിത്യലോകത്തെ മാതൃമ്യ
മായ കവയത്രി ബാലാമണിയ
മ്മയായി

ടി.അനിൽകുമാർ

1 -ാം ക്ലാസ് വിദ്യാർത്ഥിനി കെ.പാർവണ
കവിതാലാപനത്തിലൂടെ ഉദ്ഘാടനം
ചെയ്തു .

മലയാള സാഹിത്യരംഗത്ത് സംഭാ
വനകൾ നൽകിയ പ്രതിഭകളെ ചടങ്ങിൽ
പരിചയപ്പെടുത്തി. അധ്യാപകരായ ഡിജോ
എസ് തറയിൽ, ദിവ്യ കൃഷ്ണൻ എന്നിവർ
നേതൃത്വം വഹിച്ചു . വിദ്യാർത്ഥികൾക്ക് വായ
നയുടെ മാന്ത്രിക കവാടം തുറക്കുവാൻ പുസ്തക
ശേഖരവുമായി അധ്യാപകർ രംഗത്തെത്തി.
പിടിഎ പ്രസിഡന്റ് എ.എം. ജോൺസൺ
അധ്യാക്ഷനായി . ഡോ.കെ.രാജേന്ദ്രൻ വായനാ
മാസാചരണം ഉദ്ഘാടനം ചെയ്തു . പ്രിൻസിപ്പാൾ
ബി. സജീവ് പ്രധാന അധ്യാപകൻ

കോ-ഓർഡിനേറ്റർ ബിന്ദു ജി . കുട്ടി വിദ്യാർത്ഥിനി
പ്രിതിനിധികളായ ഋഷികേശ്,കെ.എസ് .വിഷ്ണുദേവ്
എന്നിവർ പ്രസംഗിച്ചു.

ഋതുപ്രിയ എ.പി.
പത്മപ്രിയ

പി

നിഖില പി. എ. {൯.ഇ}

# സേവനത്തിന്റെ ദീപശിഖയേന്തി വിദ്യാലയത്തിലെ "സന്നദ്ധ പ്രവർത്തകർ"

## (റെഡ് ക്രോസ്, സ്കൗട്ട് & ഗൈഡ്സ്, NSS )

ഹൃദയത്തിൽ സ്നേഹം നിറച്ച് അധ്യാപകദിനത്തിൽ വിദ്യാലയത്തിലെ സ്കൗട്ട് & ഗൈഡ്സ് വിദ്യാർത്ഥികളും റെഡ്ക്രോസ് യൂണിറ്റിലെ അംഗങ്ങളും അധ്യാപകരെ വിദ്യാലയത്തിലേക്ക് സ്വാഗതം ചെയ്തു. റെഡ്ക്രോസ് യൂണിറ്റിന്റെ നേതൃത്വത്തിൽ 'സാകേതം' സ്നേഹസദനം സന്ദർശിച്ചു. വിദ്യാർത്ഥികൾ
അമ്മമാർക്കൊപ്പം ചെലവഴിക്കുകയും അവർക്കായി ശേഖരിച്ച നിത്യോപയോഗ സാധനങ്ങളും വസ്ത്രങ്ങളും സാകേതം ഭാരവാഹി മോഹനന് കൈമാറുകയും ചെയ്തു. ശ്രീകൃഷ്ണ വിദ്യാലയത്തിലെ ഹൈസ്കൂൾ അധ്യാപകരായ ബിന്ദു ജി.കുട്ടി, സൂര്യ ജി. നാഥ് എന്നിവർ റെഡ്ക്രോസ് യൂണിറ്റിന്റേയും സിജോ ജോസ്, ശ്രീജ പി. എൻ. എന്നിവർ സ്കൗട്ട് & ഗൈഡ്സ് യൂണിറ്റിന്റെയും ഹയർസെക്കന്ററി അധ്യാപികയായ സന്ധ്യ പി. പി. എൻഎസ്എസ് യൂണിറ്റിന്റെയും പ്രവർത്തനങ്ങൾക്ക് ശക്തമായ നേതൃത്വം നൽകി വരുന്നു.വിദ്യാലയത്തിൽ ഉപജില്ലാകലോത്സവത്തിന് സ്തുത്യർഹമായ സേവനം അനുഷ്ഠിച്ച സന്നദ്ധപ്രവർത്തകർക്ക് കുറുമൊഴിയുടെ അഭിനന്ദനങ്ങൾ.